പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2955

18/06/2019-ൽ മറുപടിയ്ക്ക്

**വിദ്യാലയ നവീകരണത്തിന് ഫണ്ട്**

| ചോദ്യം<br>**ശ്രീ.വി. അബ്ദുറഹിമാൻ** | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഒരു കോടി, മൂന്നുകോടി, അഞ്ചുകോടി എന്നിങ്ങനെ വിദ്യാലയ നവീകരണത്തിന് ഫണ്ട് അനുവദിച്ചപ്പോൾ ചില വിദ്യാലയങ്ങൾക്ക് തുക പരിമിതമായിപ്പോവുകയും മറ്റ് ചില സ്കൂളുകൾക്ക് ആവശ്യത്തിലധികമാവുകയും ചെയ്തിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള നിർമ്മാണത്തിനായി സ്കൂളുകൾ തെരഞ്ഞെടുത്ത് ഭരണാനുമതി നൽകിയതും തുക അനുവദിച്ചിട്ടുള്ളതും അതിനായി ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ചും, സ്കൂളുകളുടെ ആവശ്യമനുസരിച്ചും തയ്യാറാക്കിയ DPR അനുസരിച്ചാണ്. പ്രസ്തുത DPR പരിശോധിച്ച് 'കിഫ്ബി' norms അനുസരിച്ചാണ് കിഫ്ബി ധനസഹായം നൽകിയിട്ടുള്ളത്. |
| (ബി) | കുട്ടികളുടെ എണ്ണത്തിന്റെയും മാസ്റ്റർ പ്ലാനുകളുടെയും അടിസ്ഥാനത്തിൽ വിദ്യാലയങ്ങളുടെ ആവശ്യകത ഒരു വിദഗ്ദ്ധ സമിതി മുഖേന പരിശോധിച്ച് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | കുട്ടികളുടെ എണ്ണത്തിന്റെയും മാസ്റ്റർ പ്ലാനുകളുടെയും അടിസ്ഥാനത്തിൽ വിദ്യാലയങ്ങളുടെ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് ഫണ്ട് അനുവദിച്ചു വരുന്നത്. |
| (സി) | സാഹചര്യം കണക്കിലെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി വർദ്ധിപ്പിക്കേണ്ട വിദ്യാലയങ്ങൾ കണ്ടെത്തി ഫണ്ട് നൽകാനും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ശരിയായ രീതിയിൽ വിജയത്തിലെത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ടി കാര്യങ്ങൾ ശ്രദ്ധിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ശരിയായ രീതിയിൽ തന്നെയാണ് വിജയത്തിലേക്ക് എത്തിക്കൊണ്ടിരിക്കുന്നത്. |

Namitha.P

**സെക്ഷൻ ഓഫീസർ**